2026
SEPTEMBER
19
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## മൂന്നു ലക്ഷം രൂപ വരെയുള്ള ചരക്ക് കയറ്റുമതി: നിബന്ധനകളിൽ ഇളവുമായി കേന്ദ്രസർക്കാർ

**ന്യൂദൽഹി:** കയറ്റുമതി നിബന്ധനയിൽ ഇളവ് വരുത്തി കേന്ദ്രസർക്കാർ. കയറ്റുമതി പ്രക്രിയ കൂടുതൽ ലളിതമാക്കാൻ ലക്ഷ്യമിട്ടു രജിസ്ട്രേഷൻ കം മെംബർഷിപ്പ് സർട്ടിഫിക്കറ്റ് (ആർസിഎംസി) വ്യവസ്ഥയിലാണു മാറ്റം വരുത്തിയത്.

ഇതോടെ മൂന്നു ലക്ഷം രൂപവരെ മൂല്യമുള്ള ചരക്ക് കയറ്റുമതിക്കാണ് ഇളവ് ലഭിക്കുക. തപാൽ, കൊറിയർ സേവനങ്ങൾ, വളർന്നുവരുന്ന ഇ കൊമേഴ്സ് പോലുള്ള പുതിയ വിതരണമാർഗങ്ങൾ എന്നിവയിലൂടെയുള്ള കയറ്റുമതിയും കൂടുതൽ സുഗമമാകാൻ ഈ ഇളവ് സഹായിക്കുമെന്നാണ് വാണിജ്യവ്യവസായ മന്ത്രാലയം പ്രതീക്ഷിക്കുന്നത്.

അന്താരാഷ്ട്ര വ്യാപാരത്തിനായി ഒരു കയറ്റുമതി സ്ഥാപനത്തിന് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (ഇപിസി), കമ്മോഡിറ്റി ബോർഡ് അല്ലെങ്കിൽ ഡെവലപ്മെൻറ് അതോറിറ്റി എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്ന കേന്ദ്രസർക്കാർ നൽകുന്ന ഔദ്യോഗിക രേഖയാണു രജിസ്ട്രേഷൻ കം മെംബർഷിപ്പ് സർട്ടിഫിക്കറ്റ്.

കയറ്റുമതിരംഗത്ത് പുതുതായി എത്തുന്ന ചെറുകിടകാർക്കോ ചെറിയ മൂല്യമുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നവരെയോ സംബന്ധിച്ച് ഇതിനുള്ള നടപടിക്രമങ്ങൾ വളരെയധികം സങ്കീർണമാണ്.

വലിയ മൂല്യമുള്ള കയറ്റുമതികൾക്കുള്ള നിലവിലെ ചട്ടങ്ങളിൽ മാറ്റമുണ്ടാകില്ല. ചെറിയ മൂല്യമുള്ള കയറ്റുമതി ചരക്കുകൾക്കു മാത്രമാണ് പുതിയ ഇളവ് ബാധകമാകുന്നത്.

കൂടുതൽ ചെറുകിടഇടത്തരം സംരംഭങ്ങൾ കയറ്റുമതി മേഖലയിലേക്ക് കടന്നുവരാനും ക്രമേണ ഇപിസിയുടെയും കമ്മോഡിറ്റി ബോർഡുകളുടെയും ഭാഗമാകാനും ഈ നടപടി പ്രോത്സാഹിപ്പിക്കും.

കയറ്റുമതിയിലെ പ്രാരംഭഘട്ടത്തിലെ രേഖാസമർപ്പണവും അനുബന്ധ നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിലൂടെ പുതിയതും വളർന്നുവരുന്നതുമായ കയറ്റുമതിക്കാർക്കും ചെറുകിട സംരംഭങ്ങൾക്കും അന്താരാഷ്ട്ര വിപണിയിലേക്ക് ഘട്ടംഘട്ടമായി പ്രവേശിക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ മെച്ചം.



## വിരട്ടേണ്ട; ബന്ധത്തെ ബാധിക്കുമെന്ന് യുഎസിന് ഇന്ത്യയുടെ മുന്നറിയിപ്പ്, റഷ്യൻ എണ്ണ വാങ്ങുന്നതു തുടരും

**ന്യൂദൽഹി:** റഷ്യൻ എണ്ണ വാങ്ങുന്ന ഇന്ത്യയും ചൈനയുമുൾപ്പെടെ 5 രാജ്യങ്ങൾക്ക് 100% വരെ അധികത്തീരുവ ചുമത്താനുള്ള ബിൽ യുഎസ് കോൺഗ്രസും പാസാക്കിയതോടെ മുന്നറിയിപ്പുമായി ഇന്ത്യ. തീരുവ നീക്കം ഉഭയകക്ഷി ബന്ധത്തെ ബാധിക്കുമെന്ന് ഇന്ത്യ മുന്നറിയിപ്പു നൽകി. 140 കോടി ജനങ്ങളുടെ ഊർജ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. വിപണിസാഹചര്യം മാറുന്നതനുസരിച്ച് വിവിധ സ്രോതസ്സുകളെ ആശ്രയിച്ച് ഈ ലക്ഷ്യം നടപ്പാക്കുന്നതു തുടരും. റഷ്യൻ ഇറക്കുമതി സൂചിപ്പിച്ചുകൊണ്ടാണു വിദേശകാര്യമന്ത്രാലയം ഇതു വ്യക്തമാക്കിയത്.

യുഎസ് പ്രതിനിധികളുമായി നടത്തിയ ഉന്നതതല ചർച്ചകളിലും ഇന്ത്യ ഇക്കാര്യം അറിയിച്ചിരുന്നു. നിലവിലെ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രാജ്യത്തെ വ്യാപാര,വ്യവസായ സംഘടനകളുമായി ചേർന്നു സർക്കാർ പ്രവർത്തിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പുവയ്ക്കുന്നതോടെ ബിൽ നിയമമാകും. യുക്രെയ്നിനെതിരെ യുദ്ധം തുടരാൻ റഷ്യയ്ക്കു കരുത്തു നൽകുന്ന സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ റഷ്യൻ ഊർജമേഖലയ്ക്കെതിരെ വ്യാപക ഉപരോധങ്ങൾ നിർദേശിക്കുന്ന ബില്ലാണ് യുഎസ് ജനപ്രതിനിധി സഭ അംഗീകരിച്ചത്.

പ്രതിപക്ഷമായ ഡെമോക്രാറ്റിക് പാർട്ടിയിലെ 58 അംഗങ്ങളും ബില്ലിനെ അനുകൂലിച്ചപ്പോൾ ഭരണകക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിയിലെ 7 പേർ എതിർത്തു. കഴിഞ്ഞ മാസം യുഎസ് സെനറ്റ് വൻഭൂരിപക്ഷത്തോടെ ബിൽ പാസാക്കിയിരുന്നു. റഷ്യൻ ഇന്ധനവ്യാപാരവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ബാങ്കുകൾ, എണ്ണക്കപ്പലുകൾ എന്നിവയ്ക്കെതിരെയാണ് ഉപരോധം. റഷ്യൻ അസംസ്കൃത എണ്ണയോ പ്രകൃതിവാതകമോ ഏറ്റവുമധികം ഇറക്കുമതി ചെയ്യുന്ന ഇന്ത്യ, ചൈന, തുർക്കി, സ്ലോവാക്യ, ഹംഗറി എന്നീ രാജ്യങ്ങൾക്കെതിരെ 100% വരെ തീരുവ ചുമത്തണമെന്നു ബിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപിനോടു നിർദേശിക്കുന്നു.

റിപ്പബ്ലിക്കൻ പാർട്ടി നേതാക്കളുടെ ഒരുവർഷം നീണ്ട സമ്മർദങ്ങൾക്കൊടുവിലാണു റഷ്യാവിരുദ്ധ ഉപരോധങ്ങൾക്കു ട്രംപ് അനുമതി നൽകിയത്. ഇറാനെതിരായ ഉപരോധം 5 വർഷം കൂടി നീട്ടുമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയതിനെ തുടർന്നായിരുന്നു സമ്മതംമൂളൽ. ഇന്ത്യയെയും ചൈനയെയും ലക്ഷ്യമിട്ടാണു ബില്ലെന്ന് റിപ്പബ്ലിക്കൻ പാർട്ടി പറയുമ്പോൾ, യൂറോപ്യൻ യൂണിയനിലെ സഖ്യരാജ്യങ്ങൾക്കെതിരെയാവും ട്രംപ് ഈ നിയമം പ്രയോഗിക്കുക എന്നു ഡെമോക്രാറ്റുകൾ വിമർശിക്കുന്നു. ഉയർന്ന തീരുവ യുഎസ് വിപണിയിലെ വിലക്കയറ്റത്തിൽ കലാശിക്കുമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.




## സ്വർണവിലയിൽ അപ്രതീക്ഷിത കുതിപ്പ്; പവന് 1160ന്റെ മുന്നേറ്റം

**കൊച്ചി:** സ്വർണവില പ്രതികൂല സാഹചര്യത്തിലും വൻതോതിൽ കുതിച്ചുകയറുന്നു. യുഎസിൽ അടിസ്ഥാന പലിശനിരക്ക് കൂട്ടുകയും ഡോളറും ബോണ്ട് യീൽഡും കുതിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്വർണവില ഇടിയേണ്ടതാണ്. എന്നാൽ, കുതിക്കുന്നതാണ് ഇപ്പോഴത്തെ കാഴ്ച.

കേരളത്തിൽ ഇന്നലെ ഗ്രാമിന് 145 രൂപ വർധിച്ച് വില 14,155 രൂപയായി. 1160 രൂപ ഉയർന്ന് 1,13,240 രൂപയാണ് പവൻവില. ഇന്നലെ ഔൺസിന് 4300 ഡോളറിനും താഴേക്കുപോയ രാജ്യാന്തര വില, ഇപ്പോഴുള്ളത് 4357 ഡോളറിൽ. ഇതാണ് കേരളത്തിലും വില കൂടാൻ കാരണം.



പലിശഭാരം കൂട്ടിയ സാഹചര്യത്തിൽ സ്വർണവില സമീപഭാവിയിൽത്തന്നെ ഇടിയുമെന്നാണ് വിപണി വിദഗ്ധർ പറയുന്നത്. ഇപ്പോൾ പക്ഷേ, ചൈനീസ് കേന്ദ്രബാങ്കിൽ നിന്നുൾപ്പെടെ വലിയ ആവശ്യകത കിട്ടുന്നതാണ് വില കൂടാൻ കാരണം. പശ്ചിമേഷ്യൻ സംഘർഷം, കറൻസി വിപണിയുടെ അസ്ഥിരത തുടങ്ങിയ അനിശ്ചിതത്വങ്ങളെ തുടർന്ന് വിദേശനാണയ ശേഖരത്തിലേക്ക് ചൈനയുടെ കേന്ദ്രബാങ്ക് ഉൾപ്പെടെ വലിയതോതിൽ സ്വർണം വാങ്ങിക്കൂട്ടുന്നുണ്ട്. ഇത് വിലയെ മുന്നോട്ടുനയിക്കുന്നു.

യുഎസ് കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് ഈ വർഷം ഇനിയും പലിശ കൂട്ടുമെന്ന് സൂചിപ്പിച്ചിരിക്കേ, ഡോളറും ബോണ്ടും കൂടുതൽ കരുത്ത് നേടിയേക്കും. ഇത് സ്വർണവിലയെ താഴ്ത്തുമെന്നും വിദഗ്ധർ പറയുന്നു. ഔൺസിന് 4200 മുതൽ 3900 ഡോളർ വരെ എത്താനുള്ള സാധ്യതയും അവർ കാണുന്നുണ്ട്. അങ്ങനെയെങ്കിൽ കേരളത്തിൽ പവൻവില 1.05 ലക്ഷം രൂപയിലേക്ക് താഴും.

ഇന്നലെ കേരളത്തിൽ 18 കാരറ്റ് സ്വർണവില ഗ്രാമിന് 120 രൂപ വർധിച്ച് 11,630 രൂപയായി. വെള്ളിക്ക് ഗ്രാമിന് 5 രൂപ ഉയർന്ന് 250 രൂപയിലെത്തി.

സ്വർണത്തിന്റെ ഹോൾമാർക്കിങ് ചാർജ് (എച്ച്‌യുഐഡി) കഴിഞ്ഞദിവസം കേന്ദ്രസർക്കാർ 45 രൂപയിൽ നിന്ന് 75 രൂപയായി കൂട്ടിയിട്ടുണ്ട്. പുറമേ 18% ജിഎസ്ടിയും നൽകണം. അതായത് സ്വർണാഭരണം വാങ്ങുമ്പോൾ മൂന്നു മുതൽ 30 ശതമാനം വരെയുള്ള പണിക്കൂലി, 3% ജിഎസ്ടി എന്നിവയ്ക്കു പുറമേ 75 രൂപയും അതിന്റെ 18% ജിഎസ്ടിയും കൂടി ഉപഭോക്താവ് നൽകണം.

# കലൂർ സബ്സ്റ്റേഷനിലെ വൈദ്യുതി വിതരണ പ്രശ്നത്തിന് പരിഹാരം; 220 കെ.വി. വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു



**കൊച്ചി:** കലൂർ സബ്സ്റ്റേഷനിലെ വൈദ്യുതി വിതരണത്തിലുണ്ടായിരുന്ന പ്രശ്നത്തിന് പരിഹാരമായി 220 കെ.വി. വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു. പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി. ജെ. വിനോദ് എം.എൽ.എ നടത്തിയ ഇടപെടലുകളാണ് പരിഹാരം വേഗത്തിലാക്കാൻ വഴിയൊരുക്കിയത്.

ബ്രഹ്മപുരം സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി. ഫീഡറുകളിൽ തകരാർ സംഭവിച്ചതിനെ തുടർന്ന് കലൂർ സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ഇതുമൂലം കലൂർ സബ് സ്റ്റേഷൻ 110 കെ.വി. വിതരണത്തെ ആശ്രയിച്ചാണ് പ്രവർത്തിച്ചിരുന്നത്. തകരാറിലായതിനെ തുടർന്ന് കലൂരിലും നഗരത്തിൽ കലൂർ സബ് സ്റ്റേഷനിലെ വിതരണത്തെ ആശ്രയിച്ചു കഴിയുന്ന പ്രദേശങ്ങളും രൂക്ഷമായ പ്രതിസന്ധിയിലായിരുന്നു.

വൈദ്യുതി വിതരണത്തിലെ പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടൻ ടി. ജെ. വിനോദ് എം.എൽ.എ വിഷയം വൈദ്യുതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തരമായി പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തുകയും പുനഃസ്ഥാപന നടപടികൾ വേഗത്തിലാക്കുകയും ചെയ്തു.

തകരാറിലായ ഫീഡറുകളിൽ 220 കെ.വി. ഫീഡർ BRKA1 14.09.2026ന് 13:31 മണിയോടെ ചാർജ് ചെയ്ത് 24 മണിക്കൂർ നോലോഡ് നിലയിൽ നിരീക്ഷണത്തിലാക്കി. തുടർന്ന് 15.09.2026ന് 13:21 മണിയോടെ ഫീഡർ ലോഡ് ചെയ്യുകയും കലൂർ സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു.

220 കെ.വി. ഫീഡറിലെ തകരാർ മൂലം 110 കെ.വി. വിതരണത്തിൽ പ്രവർത്തിച്ചിരുന്ന കലൂർ സബ്സ്റ്റേഷനിലെ ലോഡ് ക്രമീകരണങ്ങൾ ആവശ്യാനുസരണം പുനഃക്രമീകരിച്ചാണ് സബ്സ്റ്റേഷന്റെ പ്രവർത്തനം സാധാരണ നിലയിലാക്കിയത്.

കലൂർ സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചതോടെ വിതരണവുമായി ബന്ധപ്പെട്ടിരുന്ന പ്രശ്നത്തിന് പരിഹാരമായി. അടിയന്തര ഇടപെടൽ നടത്തി വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാൻ സഹകരിച്ച വൈദ്യുതി വകുപ്പ് മന്ത്രിയെയും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെയും ടി. ജെ. വിനോദ് എം.എൽ.എ അഭിനന്ദിച്ചു.

# സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി ഷോർട്ട് ഫിലിം മത്സരം

**തിരുവനന്തപുരം:** സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹയർ സെക്കൻഡറി സ്കൂൾ, ബിരുദ ബിരുദാനന്തര കോളേജ് വിദ്യാർഥികൾക്കായി ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു. കേരളം–കലയും തനത് സംസ്കാരവും ടൂറിസവും എന്ന വിഷയത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ഹ്രസ്വ ചിത്രത്തിന്റെ സമയ ദൈർഘ്യം ഒരു മിനിറ്റ് മുതൽ 10 മിനിറ്റ് വരെയാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഹ്രസ്വ ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യും.

സംസ്ഥാനത്തെ അംഗീകൃത കോളേജുകളിലെ ബിരുദ ബിരുദാനന്തര (പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള) വിദ്യാർഥികൾക്കും സ്കൂൾ തലത്തിൽ ഹയർസെക്കൻഡറി / തത്തുല്യ വിദ്യാർഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കണം. അവസാന തീയതി സെപ്റ്റംബർ 24. എൻട്രികൾ സമർപ്പിക്കേണ്ട മെയിൽ ഐ ഡി - shortfilmcomp.culture@gmail.com. ഫോൺ - 0471 2478193, 9447728351.

# മദ്യനയ രൂപീകരണ ചർച്ച 23 മുതൽ: പൊതുജനങ്ങൾക്കും അഭിപ്രായം അറിയിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ പുതിയ മദ്യനയ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ സെപ്റ്റംബർ 23 മുതൽ 28 വരെ തിരുവനന്തപുരത്ത് നടക്കും. സഹകരണഎക്സൈസ് വകുപ്പ് മന്ത്രി എം. ലിജുവിന്റെ അധ്യക്ഷതയിലാണ് ചർച്ചകൾ നടക്കുന്നത്.

പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും പുതിയ മദ്യനയത്തിന് അന്തിമരൂപം നൽകുക. നയരൂപീകരണത്തിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന പൊതുജനങ്ങൾക്കും സംഘടനകൾക്കും തങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും min.co.ex@kerala.gov.in ഇമെയിലിൽ അറിയിക്കാം.

# ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളിൽ താൽക്കാലിക നിയമനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ആരംഭിക്കുന്ന എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളിലേക്ക് ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഓൺലൈൻ ഭക്ഷ്യവിതരണം, ഇകൊമേഴ്സ്, റൈഡ്ഹെയിലിംഗ് തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗിഗ് തൊഴിലാളികൾക്ക് ജോലിക്കിടയിലെ ഇടവേളകളിൽ സുരക്ഷിതമായ വിശ്രമസൗകര്യവും അടിസ്ഥാന ക്ഷേമസൗകര്യങ്ങളും ലഭ്യമാക്കാനാണ് ഈ കേന്ദ്രങ്ങൾ തുറക്കുന്നത്.

കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി കെയർടേക്കർകംഫെസിലിറ്റേറ്റർ, സ്വീപ്പർകംസാനിറ്റേഷൻ വർക്കർ എന്നീ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.കെയർടേക്കർകംഫെസിലിറ്റേറ്റർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയിരിക്കണം. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് മുൻഗണന ലഭിക്കും. ഇതിനുപുറമേ അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ആശയവിനിമയ ശേഷി, രജിസ്റ്ററുകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് എന്നിവ അഭികാമ്യമാണ്.

സ്വീപ്പർകംസാനിറ്റേഷൻ വർക്കർ തസ്തികയിലേക്ക് എഴുത്തും വായനയും കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന പരിജ്ഞാനവും ശുചീകരണ പ്രവർത്തനങ്ങളിൽ പ്രായോഗിക പരിചയവും ആവശ്യമാണ്. ഇരു തസ്തികകളിലേക്കുമുള്ള പ്രായപരിധി 18 മുതൽ 50 വയസ്സ് വരെയാണ്.രാവിലെ 8.00 മുതൽ വൈകിട്ട് 3.00 വരെയും, വൈകിട്ട് 3.00 മുതൽ രാത്രി 10.00 വരെയും (7 മണിക്കൂർ) ഉള്ള രണ്ട് ഷിഫ്റ്റുകളിലായാണ് വിശ്രമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ ഷിഫ്റ്റിലും രണ്ടു ജീവനക്കാർ വീതമുണ്ടാകും. സർക്കാരിന്റെ ദിവസവേതന നിരക്കുകൾ പ്രകാരം പരമാവധി 90 ദിവസത്തേക്ക്

ഇന്റർവ്യൂ നടത്തിയാണ് നിയമനം. 2026 സെപ്റ്റംബർ 22 രാവിലെ 10.30 ന് നടക്കുന്ന കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലാ ലേബർ ഓഫീസുകളിൽ നടക്കുന്ന ഇന്റർവ്യൂവിൽ ആധാർ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബയോ ഡേറ്റ എന്നിവ സഹിതം ഹാജരാകണം. രേഖകളുടെ ഒരു സെറ്റ് ഫോട്ടോ കോപ്പിയും കരുതണം. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം 8547655256,കോഴിക്കോട് 8547655267,എറണാകുളം8547655266,lc.kerala.gov.in.

## എറണാകുളം ജില്ലാതല ഫയൽ അദാലത്ത് 23ന് നടക്കും

**കൊച്ചി:** എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനം, പെൻഷൻ, ഓഡിറ്റ്, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് തൃശൂരിൽ വെച്ച് നടത്താനിരുന്ന റീജിയണൽ അദാലത്ത് സെപ്റ്റംബർ 18ൽ നിന്ന് 26ലേക്ക് മാറ്റി വെച്ചു. ഇതിന് മുന്നോടിയായുള്ള എറണാകുളം ജില്ലാതല ഫയൽ അദാലത്ത് സെപ്റ്റംബർ 23 ബുധനാഴ്ച രാവിലെ 10.30 മുതൽ കാക്കനാട് മാർ അത്തനേഷ്യസ് ഹൈസ്കൂളിൽ വെച്ച് നടക്കുന്നതാണ്. രാവിലെ 10.30 മുതൽ എറണാകുളം, കോതമംഗലം വിദ്യാഭ്യാസ ഓഫീസുകളുടെയും അതിന് കീഴിലുള്ള ഉപജില്ലാ ഓഫീസുകളുടെയും, ഉച്ചയ്ക്ക് 2.00 മണി മുതൽ ആലുവ, മൂവാറ്റുപുഴ വിദ്യാഭ്യാസ ഓഫീസുകളുടെയും ഉപജില്ലാ ഓഫീസുകളുടെയും പരാതികൾ പരിഗണിക്കും. സെപ്റ്റംബർ 23 വരെ ലഭിക്കുന്ന പരാതികൾ ഫയൽ അദാലത്തിൽ പരിഗണിക്കും.

## വിൽപ്പനയ്ക്ക്

വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ കേരശങ്കര, കേരഗംഗ എന്നീ സങ്കരയിനം തെങ്ങിൻ തൈകൾ, മോഹിത് നഗർ അടക്ക തൈകൾ, പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടാതെ സുഡോമോണാസ്, ട്രൈക്കോഡെർമ, ബ്യുവേറിയ, വെർട്ടിസീലിയം, വാം , സൂക്ഷ്മമൂലക മിശ്രിതങ്ങളായ സമ്പൂർണ്ണ, അയർ, കമ്പോസ്റ്റിങ് ബാക്ടീരിയ എന്നിവയും ഇവിടെ ലഭ്യമാണ്. ആവശ്യക്കാർക്ക് 8075220868 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.



സൊസൈറ്റി ടുഡേ
SOCIETY TODAY




# ദേശീയ ട്രോമാ കെയർ കോൺഫറൻസ് ‘ട്രോമാസികോൺ 2026’ സെപ്റ്റംബർ 24 മുതൽ

## ഉദ്ഘാടനം 26ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ നിർവ്വഹിക്കും

**കൊച്ചി:** ഇന്ത്യൻ അസോസിയേഷൻ ഓഫ് ട്രോമറ്റോളജി & ക്രിട്ടിക്കൽ കെയറിന്റെ (IATCC) 13ാമത് ദേശീയ കോൺഫറൻസും, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ (ASI) കേരള ചാപ്റ്ററിന്റെ വാർഷിക സി.എം.ഇ. പ്രോഗ്രാമും സംയോജിപ്പിച്ചുകൊണ്ടുള്ള ’ട്രോമാസികോൺ 2026’ (TRAUMASICON 2026) സെപ്റ്റംബർ 24 മുതൽ 26 വരെ കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിൽ നടക്കും. കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കോളജിലെ ജനറൽ സർജറി, ക്രിട്ടിക്കൽ കെയർ, എമർജൻസി മെഡിസിൻ വിഭാഗങ്ങൾ സംയുക്തമായാണ് ഈ ത്രിദിന ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നത്.

’ഗോൾഡൻ അവർ ടു സർവൈവൽ: ദി ട്രോമാ കെയർ കണ്ടിന്വം’ (Golden Hour to Survival: The Trauma Care Continuum) എന്നതാണ് ഇത്തവണത്തെ പ്രമേയം. അത്യാഹിത വിഭാഗങ്ങളിലെ അത്യാധുനിക ചികിത്സാ രീതികൾ, ജീവൻ രക്ഷാ പ്രവർത്തനങ്ങൾ, അപകടങ്ങളിലുണ്ടാകുന്ന ഗുരുതര പരിക്കുകളുടെ സമഗ്ര പരിചരണം, ദുരന്ത നിവാരണം എന്നീമേഖലകളിലെ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൂടാതെ, പി.ജി. വിദ്യാർത്ഥികൾക്കായി പ്രമുഖ അധ്യാപകർ നയിക്കുന്ന ആറ് മണിക്കൂർ നീളുന്ന സമഗ്ര സി.എം.ഇ. ക്ലാസുകളും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

ട്രോമാസികോൺ 2026’ന്റെ ഔദ്യോഗിക ഉദ്ഘാടനം സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ 26ന് രാവിലെ 11ന് നിർവ്വഹിക്കും. ചടങ്ങിൽ ബെന്നി ബഹനാൻ എം.പി, വി.പി.സജീന്ദ്രൻ എം.എൽ.എ, ആശുപത്രി സി.ഇ.ഒ അജു ജേക്കബ്, ഓർഗനൈസിംഗ് ചെയർമാൻ ഡോ. വർഗീസ് പോൾ, ഓർഗനൈസിംഗ് കമ്മിറ്റി എക്സിക്യൂട്ടീവ് (അക്കാദമിക്സ്) ഡോ. സന്തോഷ് ബാലകൃഷ്ണൻ, മെഡിക്കൽ കോളേജ് ഡീൻ ഡോ. കെ.കെ.ദിവാകർ, ഐ.എ.ടി.സി.സി പ്രസിഡന്റ് ഡോ. രാജ്ശേഖർ മോഹൻ, സെക്രട്ടറി ഡോ. ഗിരീഷ് ബക്ഷി, എഎസ്ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.എൻ.ആർ സജികുമാർ, സെക്രട്ടറി ഡോ.ആർ.പി.രഞ്ജിൻ തുടങ്ങിയവർ പങ്കെടുക്കും.

സമ്മേളനത്തിന് മുന്നോടിയായി സെപ്റ്റംബർ 24ന് യുവ ഡോക്ടർമാർക്കും പി.ജി. ട്രെയിനികൾക്കുമായി കഡാവറിക് ശസ്ത്രക്രിയാ പരിശീലനം, ട്രോമ പരിചരണത്തിലെ നിർമ്മിത ബുദ്ധി (AI), അൾട്രാസൗണ്ട്, വാസ്കുലർ അനാസ്റ്റോമോസിസ്, എയർവേ മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ പ്രായോഗിക ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി www.mostcraumasicon.com എന്ന ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് ഓർഗനൈസിംഗ് കൺവീനർമാരായ ഡോ. ആർ.രാമു (8129598757), ഡോ. സുനിത് നൈനാൻ ജോർജ് (8301975059) എന്നിവരുമായി ബന്ധപ്പെടാമെന്ന് സംഘാടക സമിതി പ്രതിനിധികളായ ട്രോമാസികോൺ’ ഓർഗനൈസിംഗ് ചെയർമാനും എം.ഒ.എസ്.സി. മെഡിക്കൽ സൂപ്രണ്ടും സർജറി വിഭാഗം പ്രൊഫസറുമായ ഡോ. വർഗീസ് പോൾ, ഓഗനൈസിംഗ് കമ്മിറ്റി എക്സിക്യൂട്ടീവ് (അക്കാദമിക്സ്) ഡോ. സന്തോഷ് ബാലകൃഷ്ണൻ, കൺവീനർ ഡോ. ആർ രാമു എന്നിവർ പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

# കോലഞ്ചേരി മെഡിക്കൽ കോളേജിൽ ഹൃദ്രോഗ പ്രഭാഷണം 21ന്, ലോകപ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ പ്രൊഫ. ഡോ. അന്റോണിയോ കൊളംബോ മുഖ്യ പ്രഭാഷണം നടത്തും

**കൊച്ചി:** കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിലെ ഹൃദ്രോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വാർഷിക കാർഡിയോളജി പ്രഭാഷണം സെപ്റ്റംബർ 21ന് വൈകിട്ട് 4ന് കോളേജ് ക്യാമ്പസ് കോൺഫറൻസ് ഹാളിൽ നടക്കും. ഇന്റർവെൻഷണൽ കാർഡിയോളജി ഇന്നലെ, ഇന്ന്,നാളെ എന്ന വിഷയത്തിൽ ആധുനിക ഇന്റർവെൻഷണൽ കാർഡിയോളജിയിലെ ആഗോള പ്രതിഭയും ഇറ്റലിയിലെ മിലാനിൽ നിന്നുള്ള പ്രമുഖ ഗവേഷകനുമായ പ്രൊഫ. ഡോ.അന്റോണിയോ കൊളംബോ മുഖ്യ പ്രഭാഷണം നടത്തും.

കൊറോണറി സ്റ്റെന്റിംഗ്, ഇൻട്രാവാസ്കുലർ ഇമേജിംഗ്, സ്ട്രക്ചറൽ ഹാർട്ട് ഇന്റർവെൻഷൻസ് എന്നീ മേഖലകളിൽ ആഗോളതലത്തിൽ വിപ്ലവകരമായ ചികിത്സാ മുന്നേറ്റങ്ങൾക്ക് തുടക്കമിട്ട പ്രൊഫ. ഡോ.അന്റോണിയോ കൊളംബോ നിലവിൽ ഇറ്റലി, മിലാൻ ഹ്യൂമാനിറ്റാസ് യൂണിവേഴ്സിറ്റി പ്രൊഫസറും ഹ്യൂമാനിറ്റാസ് റിസർച്ച് ഹോസ്പിറ്റൽ സീനിയർ കൺസൾട്ടന്റുമാണ്. അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയുടെ 'ലെജൻഡ് ഇൻ കാർഡിയോവാസ്കുലർ മെഡിസിൻ' ബഹുമതി നേടിയിട്ടുള്ള പ്രൊഫ. അന്റോണിയോ ആദ്യമായാണ് കേരളത്തിൽ എത്തുന്നത്.

നവീകരിച്ച കാർഡിയോളജി ഒ പിയുടെ ഉദ്ഘാടനവും ഡോ. പ്രൊഫ. ഡോ.അന്റോണിയോ കൊളംബോ നിർവ്വഹിക്കുമെന്ന് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് പ്രതിനിധികളായ പ്രൊഫ. ഡോ.ലൂയി ഫിഷർ,ഡോ. ഈപ്പൻ പുന്നൂസ്, ജേക്കബ് ജോയ് എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേമേളനത്തിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 96564 34983 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

# പ്രൊഫ. സജ്ന ജലീൽ മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ

**കോട്ടയം:** മഹാത്മാഗാന്ധി സ!ർവകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് മേധാവിയായ പ്രൊഫ. (ഡോ.) സജ്ന ജലീലിന് പരീക്ഷാ കൺട്രോളറുടെ പൂർണ അധിക ചുമതല. വ്യാഴാഴ്ച നടന്ന സിൻഡിക്കേറ്റ് മീറ്റിങ്ങിലാണ് തീരുമാനം.

കൂടാതെ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാറിനെ ഡയറക്ടർ ഓഫ് കോളേജ് ഡവലപ്മെന്റ് കൗൺസിലായും നിയമിച്ചു.

27 വർഷത്തെ അധ്യാപന പരിചയമുള്ള പ്രൊഫ. സജ്ന ജലീൽ, സർവകലാശാലയിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ അംഗമായും പ്രവർത്തിച്ചു വരുന്നു. മൂന്ന് പുസ്തകങ്ങളും നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ പരിശോധകയും യു.പി.എസ്.സി ഉപദേഷ്ടാവുമാണ്. ഡയറക്ടർ ഓഫ് കോളേജ് ഡവലപ്മെന്റ് കൗൺസിലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ പി.എച്ച്.ഡി. നേടിയിട്ടുള്ള പ്രൊഫ. സജ്ന, ഗണിത വിദ്യാഭ്യാസവും വിദ്യാഭ്യാസ സാങ്കേതികവിദ്യയും എന്ന വിഷയത്തിൽ എം.എഡും ഗണിതശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും നേടിയിട്ടുണ്ട്. ഇരുപതോളം ഗവേഷക വിദ്യാർത്ഥികൾക്ക് മാർഗദർശിത്വവും നൽകി. ഫലാധിഷ്ഠിത മൂല്യനിർണയം, ഗണിത വിദ്യാഭ്യാസം, ഇൻസ്ട്രക്ഷണൽ ഡിസൈൻ എന്നീ മേഖലകളിൽ വിദഗ്ധയാണ്. സ്വയം കോഴ്സുകളുടെ സർവകലാശാലാ കോഡിനേറ്ററുമാണ് പ്രൊഫ. സജ്ന.

ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയുടെ ഓണററി ഡയറക്ടറാണ്. സർവകലാശാലാ സെനറ്റ് മെമ്പറായും ബോഡ് ഓഫ് സ്റ്റഡീസ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളജുകളുടെ ആസൂത്രണവും വികസനവും സംബന്ധിച്ച നയരൂപീകരണ സമിതിയാണ് കോളേജ് ഡവലപ്മെന്റ് കൗൺസിൽ.

## വാക്ക്ഇൻ ഇന്റർവ്യൂ

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ഗ്രൗണ്ട്സ്മാൻ കം മാർക്കർ തസ്തികയിലേക്കുള്ള വാക്ക്ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 26 ഉച്ചയ്ക്ക് 12 മണിക്ക് നടക്കും. ഉദ്യോഗാർത്ഥികൾ പൂരിപ്പിച്ച പ്രൊഫോർമയും ബന്ധപ്പെട്ട രേഖകളും സഹിതം അന്നേ ദിവസം രാവിലെ 11 മണിക്ക് ഓഫീസിൽ നേരിട്ട് ഹാജരാകണം. വിവരങ്ങൾക്ക്: www.mgu.ac.in.

## പരീക്ഷ മാറ്റിവെച്ചു

ഒക്ടോബർ ഒന്നിന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.എ / ബി.ബി.എ / ബി.കോം എൽ.എൽ.ബി (2022 അഡ്മിഷൻ റഗുലർ / 2018 മുതൽ 2021 വരെ അഡ്മിഷൻ സപ്ലിമെന്ററി / 2015 മുതൽ 2017 വരെ അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 16 ലേക്ക് മാറ്റിവെച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല. കൂടുതൽ വിവരങ്ങൾക്ക് mgu.ac.in സന്ദർശിക്കുക

## സൗജന്യ പി.എസ്.സി പരിശീലനം

മഹാത്മാഗാന്ധി സർവകലാശാലാ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും കോട്ടയം ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും ചേർന്ന് സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നു. യോഗ്യത: പ്ലസ്ടു/ഡിഗ്രി. സെപ്റ്റംബർ 22 വരെ ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. ഫോൺ: 04812731025, 04812560413.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് (2024 അഡ്മിഷൻ റഗുലർ, 2022-2023 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 2 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 1 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

ല രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷൻ സപ്ലിമെന്ററി, 2020 മുതൽ 2022 അഡ്മിഷനുകൾ മേഴ്സി ചാൻസ് ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും,സൂക്ഷ്മ പരിശോധനക്കും ഒക്ടോബർ 1 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



# കതിരണിഞ്ഞ പാടങ്ങളിൽ ചാഴിശല്യം രൂക്ഷം; കർഷകർ ആശങ്കയിൽ

**നെന്മാറ:** ഒന്നാംവിള കതിരണിഞ്ഞു തുടങ്ങിയതോടെ പാടശേഖരങ്ങളിൽ ചാഴിശല്യം രൂക്ഷമായത് കർഷകരെ ആശങ്കയിലാക്കുന്നു. വെയിലും കാറ്റും ലഭിക്കാതെ മൂടിക്കെട്ടിയ കാലാവസ്ഥ തുടരുന്നതാണ് ചാഴിയുടെ വ്യാപനത്തിനു കാരണമെന്നാണ് കർഷകർ പറയുന്നത്.

നെന്മാറ, അയിലൂർ, കയറാടി, കരിങ്കുളം മേഖലകളിലെ പാടശേഖരങ്ങളിലാണ് ചാഴിശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കളകൾകയറി നേരത്തെതന്നെ പ്രതിസന്ധിയിലായിരുന്ന കൃഷി തിരിച്ചുപിടിക്കുന്നതിനിടെയാണ് ചാഴിയുടെ ആക്രമണം കർഷകർക്ക് പുതിയ വെല്ലുവിളിയായത്. കതിരുകളിൽ ചാഴിയുടെ സാന്നിധ്യം വർധിച്ചതോടെ നെല്ല് പതിരാകാനും ധാന്യത്തിൻറെ ഗുണനിലവാരം കുറയാനും സാധ്യതയുണ്ടെന്ന ആശങ്കയിലാണ് കർഷകർ. പ്രതീക്ഷിക്കുന്ന വിളവ് വീണ്ടും കുറയുമോയെന്ന ആശങ്കയും ശക്തമാണ്. ചാഴിശല്യം നിയന്ത്രിക്കുന്നതിനായി പാടശേഖരങ്ങളിൽ സ്പ്രിംഗ്ലർ ഉപയോഗിച്ച് കീടനാശിനി തളിക്കുന്ന നടപടികളാണ് ഇപ്പോൾ വ്യാപകമായി നടക്കുന്നത്. കീടനാശിനി പ്രയോഗം പരമാവധി ഒഴിവാക്കാൻ ശ്രമിക്കുന്ന കർഷകരും വിളവിനെ ബാധിക്കുമെന്ന ആശങ്കയിൽ മരുന്ന് പ്രയോഗിക്കാൻ നിർബന്ധിതരാകുന്ന സ്ഥിതിയാണെന്ന് കർഷകർ പറയുന്നു.

# എച്ച്1 എൻ1 : ജാഗ്രത വേണമെന്നു ജില്ലാ മെഡിക്കൽ ഓഫീസർ

**പാലക്കാട്:** ഇൻഫ്ലുവൻസ എ വൈറസ് മൂലം വായുവിലൂടെ അതിവേഗം പടരുന്ന ശ്വാസകോശ രോഗമായ എച്ച്1 എൻ1 പ്രതിരോധിക്കാൻ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കടുത്ത പനി, വിറയൽ, തൊണ്ടവേദന, ചുമ, മൂക്കൊലിപ്പ്, ശരീരവേദന, തലവേദന, അമിതമായ ക്ഷീണം, തളർച്ച എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

രോഗബാധിതരായ ആളുകൾ ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ വായുവിൽ തങ്ങിനിൽക്കുന്ന വൈറസ് മുഖേനയോ, അവർ ഉപയോഗിച്ച വസ്തുക്കളിൽ സ്പർശിച്ചശേഷം സ്വന്തം കണ്ണിലോ മൂക്കിലോ തൊടുമ്പോഴോ ആണ് രോഗം പടരുന്നത്.

സാധാരണഗതിയിൽ കുറച്ചു ദിവസങ്ങൾക്കകം രോഗം ഭേദമാകാറുണ്ടെങ്കിലും ശ്വാസതടസം, നെഞ്ചുവേദന എന്നിവയുണ്ടായാൽ ഉടൻ അടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണ്.

കിടപ്പു രോഗികൾ, മറ്റു ഗുരുതര രോഗ ബാധിതർ, ഗർഭിണികൾ, രണ്ടു വയസിന് താഴെയുള്ള കുട്ടികൾ എന്നിവർക്കിടയിൽ പനിയോ മറ്റുരോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ ഡോക്ടറുടെ സേവനം ഉറപ്പാക്കണം.

ഗർഭാവസ്ഥയിൽ സ്ത്രീകളുടെ പ്രതിരോധശേഷി കുറയുന്നതിനാൽ വൈറസ് പെട്ടെന്ന് ബാധിക്കാൻ സാധ്യതയുണ്ട്. ഗർഭിണികളിൽ ഈ പനി പെട്ടെന്ന് ന്യൂമോണിയ പോലുള്ള ഗുരുതരമായ ശ്വാസകോശ രോഗങ്ങളിലേക്ക് മാറാനും, ഇത് ഗർഭം അലസുന്നതിനും മാസം തികയാതെയുള്ള പ്രസവത്തിനും കാരണമാകാനും ഇടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.

# കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ കാർഷിക കന്നുകാലി വികസന ശിൽപശാല

**കൽപ്പറ്റ:** കാലാവസ്ഥാ വ്യതിയാനത്തിൻറെ പശ്ചാത്തലത്തിൽ പ്രാദേശിക കാലാവസ്ഥാ കർമ പദ്ധതി തയാറാക്കുന്നതിനായി ജില്ലയിലെ വൈത്തിരി, തിരുനെല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ കാർഷിക, കന്നുകാലി വികസന മേഖലകളെ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും ശിൽപശാലകളും വിജയകരമായി സമാപിച്ചു.

വൈത്തിരി, പുൽപ്പള്ളി, തിരുനെല്ലി പഞ്ചായത്തുകളുടെയും ഹയൂം സെന്ററിന്റെയും സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്. 'നമുക്കൊരുമിച്ചിരിക്കാം കാർഷിക, കന്നുകാലി വികസന ശിൽപശാല' എന്ന പ്രമേയത്തിൽ നടന്ന ചർച്ചയോടെ മൂന്ന് പഞ്ചായത്തുകളിലെയും പരിപാടികൾ പൂർണമായി.

കാലാവസ്ഥാ വ്യതിയാനം കൃഷിയെയും കന്നുകാലി വളർത്തലിനെയും എങ്ങനെ ബാധിക്കുന്നു എന്ന് മനസിലാക്കുക, കർഷകരുടെ അനുഭവങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തുക, പ്രാദേശികമായി സാധ്യമായ പരിഹാര മാർഗങ്ങൾ കണ്ടെത്തുക, പഞ്ചായത്ത് തലത്തിൽ പ്രാദേശിക കാലാവസ്ഥാ കർമ പദ്ധതി തയാറാക്കുന്നതിന് വിവരങ്ങൾ ശേഖരിക്കുക എന്നിവയായിരുന്നു ശിൽപശാലകളുടെ ലക്ഷ്യം. കർഷകർ, കർഷക ഉത്പാദക സംഘടനകളുടെ പ്രതിനിധികൾ, കൃഷി ഭവൻ ഉദ്യോഗസ്ഥർ, പഞ്ചായത്ത് ജനപ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, സേവന സംഘടനകളുടെ പ്രതിനിധികൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള പങ്കാളികൾ ചർച്ചകളിൽ പങ്കെടുത്തു. മൂന്ന് പഞ്ചായത്തുകളിലായി നടന്ന ചർച്ചകളിൽ കാലാവസ്ഥാ വ്യതിയാനം കൃഷിയിലും കന്നുകാലി വളർത്തലിലും ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ച് കർഷകർ വിശദമായി അനുഭവങ്ങൾ പങ്കുവച്ചു. ചൂട് വർധിക്കുന്നത്, ക്രമരഹിതമായ മഴ, മൺസൂൺ വൈകൽ, കനത്ത മഴ, ദീർഘമായ വരൾച്ച, ശക്തമായ കാറ്റ്, ആലിപഴ വർഷം തുടങ്ങിയ കാലാവസ്ഥാ മാറ്റങ്ങൾ കൃഷിയെയും കർഷകരുടെ ഉപജീവനത്തെയും ഗണ്യമായി ബാധിച്ചിട്ടുണ്ടെന്ന് പങ്കാളികൾ ചൂണ്ടിക്കാട്ടി.വിളവ് കുറയൽ, വിളനാശം, കീടരോഗ ബാധകൾ വർധിക്കൽ, മണ്ണിൻറെ ഫലഭൂയിഷ്ഠത കുറയൽ, ജല സ്രോതസുകൾ വറ്റൽ, ഭൂഗർഭജല ശോഷണം, വന്യജീവി സംഘർഷം വർധിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ എല്ലാ പഞ്ചായത്തുകളിലും പൊതുവായി ഉയർന്നുവന്നു. കന്നുകാലി മേഖലയിൽ ചൂട് സമ്മർദംമൂലം പാലുത്പാദനം കുറയൽ, പ്രത്യുത്പാദന ക്ഷമത കുറയൽ, പുതിയ രോഗങ്ങളുടെ വ്യാപനം, കാലിത്തീറ്റയുടെയും കുടിവെള്ളത്തിന്റെയും ലഭ്യത കുറയൽ, തീറ്റയുടെ വില വർധന, കന്നുകാലി മരണനിരക്ക് വർധന തുടങ്ങിയ പ്രശ്നങ്ങളും കർഷകർ വിശദീകരിച്ചു.

## ഇമ്പിച്ചി ബാവ പുനരുദ്ധാരണ പദ്ധതി: ഒക്ടോബർ പത്ത് വരെ അപേക്ഷിക്കാം

**കൊച്ചി:** മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള 'ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ' ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ/വാതിലുകൾ, മേൽക്കൂര, ഫ്ലോറിംഗ്, ഫിനിഷിംഗ്, പ്ലംബിംഗ്, സാനിറ്റേഷൻ/ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകൾ എന്നിങ്ങനെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. ഒരു വീടിൻറെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം.

തുക തിരിച്ചടക്കേണ്ടതില്ല. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കടുംബത്തിന് മുൻഗണന. അപേക്ഷകയോ മക്കളോ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള / മക്കളില്ലാത്ത അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് പത്ത് വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ ഫോമിലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിൻറെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനും, മറ്റു വകുപ്പുകളിൽ നിന്നോ/ സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ പുനരുദ്ധാരണത്തിനോ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷാ ഫോം www.medscholarship.kerala.gov.in ൽ നിന്നും ലഭിക്കും. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ പത്ത്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, എറണാകുളം ജില്ലയിലെ അപേക്ഷകർക്ക് ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെൽ, കളക്ടറേറ്റ്, കാക്കനാട്, എറണാകുളം682030 എന്ന വിലാസത്തിൽ തപാലിലും അപേക്ഷിക്കാം. മറ്റു ജില്ലക്കാർ അതാത് ജില്ലാ കളക്ടറേറ്റിലാണ് അപേക്ഷിക്കേണ്ടത്. ഫോൺ:0484 2422292, 2422294.

## താത്ക്കാലിക നിയമനം

തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ബയോഗ്യാസ് / ഇൻസിനറേറ്റർ പ്ലാന്റ് ഓപ്പറേറ്റർ തസ്തികയിലേക്ക് താത്ക്കാലിക നിയമനം നടത്തുന്നു. ഏഴാം ക്ലാസ് യോഗ്യതയും 50 വയസ്സിൽ താഴെ പ്രായവുമുള്ളവർക്കും അപേക്ഷിക്കാം. സമാന മേഖലയിലെ പ്രവൃത്തിപരിചയം അഭികാമ്യം.പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കണം.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി സെപ്റ്റംബർ 23ന് രാവിലെ 11 മണിക്ക് കോളേജ് ആശുപത്രി ഓഫീസിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2777489, 0484 2776043, 9400571860 എന്നീ നമ്പറുകളിലോ ആശുപത്രി ഓഫീസിലോ ബന്ധപ്പെടാം.

## താല്പര്യപത്രം ക്ഷണിച്ചു

എറണാകുളം ജില്ലയിലെ കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ പുതിയ മോർച്ചറി മന്ദിരം നിർമ്മിക്കുന്നതിന് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിക്കായി അംഗീകൃത ഏജൻസികളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ചു. താല്പര്യമുള്ള ഏജൻസികൾ പ്രവൃത്തി പരിചയം തെളിയിക്കുന്ന രേഖകളും എസ്റ്റിമേറ്റും സഹിതം സെപ്റ്റംബർ 26ന് രാവിലെ 11 മണിക്ക് മുൻപായി ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ആശുപത്രി ഓഫീസിൽ നിന്നും ലഭിക്കും.ഫോൺ: 0484 2210648

## ടെൻഡർ ക്ഷണിച്ചു

ഇന്ത്യൻ തപാൽ വകുപ്പിന്റെ ആലുവ ഡിവിഷന് കീഴിൽ ആലുവ ചെറായി റൂട്ടിൽ തപാൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനായി വാണിജ്യ വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ ടെൻഡർ ക്ഷണിച്ചു. രണ്ടു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് വാഹനം വിളിക്കുന്നത്.ടെൻഡർസമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 2. കൂടുതൽ വിവരങ്ങൾ ആലുവ സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസുമായി ബന്ധപ്പെടുക.ഫോൺ: 0484 2624408

## അപേക്ഷ ക്ഷണിച്ചു

കൊച്ചി കലൂരിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂളിൽ അഡ്വാൻസ്ഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ദിവസത്തിനകം 9497489822, 04842985252, 8547005004 എന്നീ ഫോൺ നമ്പറുകളിലോ mfsekm.ihrd@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# പേരയ്ക്കയുടെയും മുന്തിരിയുടെയും സമ്മിശ്ര സ്വാദ് ഗ്രൂമിച്ചാമ എന്ന ബ്രസീലിയൻ ചെറി

വളർത്താൻ സ്ഥലമില്ലെന്നോർത്ത് വിഷമിക്കേണ്ട; അത്യാവശ്യം വലിയ ചട്ടിയിലും വലിയ പാത്രങ്ങളിലും ബാരലുകളിലും ഒക്കെ വളർത്താം. Container Gardening-ന് അത്യുത്തമമായ ഫലസസ്യം. പരിചരണങ്ങൾ യഥാസമയം നൽകിയാൽ മതി മരം നിറയെ കായ്കൾ പിടിച്ചുകിട്ടുകയും ചെയ്യും. ഒരേസമയം ഫലസമൃദ്ധമായ സസ്യവും അലങ്കാരവൃക്ഷവും. ഇതാണ് 'ഗ്രൂമിച്ചാമ'

നിത്യഹരിതവൃക്ഷങ്ങളും കുറ്റിച്ചെടികളും ഉൾപ്പെടുന്ന 'മിർട്ടെസി' സസ്യകുലത്തിലെ അംഗമാണ് ഗ്രൂമിച്ചാമ. സർവ്വസുഗന്ധിയും ഗ്രാമ്പുവും പേരയും ചാമ്പക്കയും ഒക്കെ ഉൾപ്പെടുന്ന കുടുംബം. 'യൂജിനിയ ബ്രസീലിയൻസിസ്' എന്നാണ് ഇതിന്റെ സസ്യനാമം. വനമേഖലകളിലെ മഴസമൃദ്ധമായ നൈസർഗിക സാഹചര്യങ്ങളിൽ 20 മീറ്ററോളം ഉയരത്തിൽ വളരും. വീട്ടുവളപ്പുകളിൽ പ്രൂൺ ചെയ്യാതെ വളർത്തിയാൽ 6 മുതൽ 12 മീറ്റർ വരെ ഉയരത്തിൽ വളരുന്ന പതിവുണ്ട്. എന്നാൽ, വേണ്ടവിധം കൊമ്പുകോതി വളർത്തിയാൽ ഇതുതന്നെ 3 മുതൽ 4 മീറ്റർ വരെ ഉയരത്തിൽ നിയന്ത്രിച്ചു നിർത്താനും കഴിയും. വലിയ ചട്ടികളിലും ബാരലുകളിലും വളർത്തുമ്പോഴും അതിരു ചെടിയായി വളർത്തുമ്പോഴും ഗ്രൂമിച്ചാമയുടെ ഉയരം 2 മുതൽ 3 മീറ്റർ എന്ന തോതിൽ നിയന്ത്രിച്ചു നിർത്തുകയാകും നല്ലത്.

ഇതിന്റെ സാവധാന വളർച്ചാസ്വഭാവമാണ് ഇതിനെ വീടുകൾക്ക് ചുറ്റുമുള്ള പുറംഭാഗം (മുറ്റം, പൂന്തോട്ടം, നടപ്പാതകൾ) എന്നിവ കൂടുതൽ മനോഹരവും ഉപയോഗപ്രദവുമാക്കുന്ന പ്രകൃതിദൃശ്യ രൂപകൽപനയ്ക്ക് വളരെ അനുയോജ്യമാക്കുന്നതെന്നു പറയാം. ഒരു വർഷം കൊണ്ട് ഈ ഫലവൃക്ഷം പരമാവധി 30 മുതൽ 60 സെന്റി മീറ്റർ വരെയേ ഉയരത്തിൽ വളരുകയുള്ളു. അതുകൊണ്ടാണ് ഇതിനു സാവധാന വളർച്ച എന്ന് പറയുന്നത്. എന്നാൽ, ഫലോല്പാദനത്തിന്റെ ഘട്ടമെത്തുമ്പോഴാകട്ടെ ഈ സാവധാനസ്വഭാവം ഇല്ലെന്നു മാത്രമല്ല അത് പാടേമാറുകയും ചെയ്യും. മരം പൂവിട്ടു കഴിഞ്ഞാൽ ദ്രുതവേഗത്തിൽ വെറും 3 മുതൽ 4 ആഴ്ച കൊണ്ട് കായ്കളുണ്ടായി വിളവെടുക്കാൻ പാകത്തിൽ കറുത്ത പർപ്പിൾ നിറമായി മാറിക്കഴിഞ്ഞിരിക്കും. ഇതാണ് ഈ പഴച്ചെടിയുടെ പ്രത്യേകത.

നിത്യഹരിതവൃക്ഷമാണ് ഗ്രൂമിച്ചാമ. സാധാരണഗതിയിൽ 3 മുതൽ 6 മീറ്റർ വരെ ഉയരത്തിൽ വളരുമെങ്കിലും ഇവയെ വെട്ടിയൊതുക്കി ചെറിയ കുറ്റിച്ചെടിയാക്കി വളർത്താം. കടുംപച്ചനിറമുള്ള, തിളങ്ങുന്ന ഇലകൾക്ക് തുകൽ പോലെ കട്ടിയുള്ള പ്രകൃതമാണ്. ഇലഞെട്ടുകൾക്ക് നേരിയ സുഗന്ധവുമുണ്ട്. വസന്തമാകുമ്പോൾ മരം നിറയെ വെള്ള പൂക്കൾ വിടരും. ഇവ തുടർന്ന് പച്ചനിറമുള്ള ചെറിയ കായ്കളാകും; പിന്നീട് കടും പർപ്പിൾ നിറം അല്ലെങ്കിൽ കറുത്ത നിറമാകും. പഴത്തിന്റെ ഉള്ളിലെ കാമ്പിനു മഞ്ഞ കലർന്ന വെള്ളനിറമാണ്. ലളിതമായി പറഞ്ഞാൽ പേരയ്ക്കയുടെയും മുന്തിരിയുടെയും സ്വാദുകൾ കലർന്ന സമ്മിശ്രസ്വാദാണ് ഗ്രൂമിചാമയ്ക്ക് എന്ന് പറയാം. സാധാരണ ചെറിപ്പഴത്തിലുള്ളത് പോലെ ഒന്നോ രണ്ടോ ചെറിയ വിത്തുകളും ഉണ്ടാകും.

ഒരു ചെറിയ നെല്ലിക്കയുടെയോ ചെറിയ ചെറിയുടെയോ വലിപ്പമാണ് കായ്കൾക്ക്. പച്ചനിറമുള്ള കായ്കൾ വളരുന്തോറും ഇരുണ്ട കടും ചുവപ്പ്, കടും പർപ്പിൾ അല്ലെങ്കിൽ കറുത്ത നിറമായി മാറും. പഴങ്ങൾ ഏതാണ്ട് കറുത്ത നിറമാകുമ്പോഴാണ് അവ പൂർണമായും പാകമാകുന്നത്. കറുപ്പുനിറമുള്ള പഴങ്ങൾക്ക് ചെറി പഴങ്ങളോട് സമാനമായ നല്ല മധുരവും നേരിയ പുളിയും ഉണ്ടാകും. പച്ചയോ ഇളംചുവപ്പോ നിറമുള്ള കായ്കൾ പാകമാകാത്തവയാണ് എന്നോർക്കുക. തൊലി താരതമ്യേന വളരെ നേർത്തതായിരിക്കും. അൽപം ഞെക്കുമ്പോൾതന്നെ വളരെ മൃദുവായി അനുഭവപ്പെടും. കായ്കൾ വിളവെടുക്കാൻ യോജിച്ച സമയവും ഇതു തന്നെ.

പഴങ്ങളുടെ നിറം കൊണ്ടുതന്നെ തിരിച്ചറിയാവുന്ന ചില പ്രധാന ഇനങ്ങൾ ഗ്രൂമിചാമയിൽ ഉണ്ട്; എന്നുകരുതി ഇവ അംഗീകൃത ഇനങ്ങളാണ് എന്നർത്ഥമില്ല. പഴങ്ങളുടെ നിറം, പഴങ്ങളുടെ ഉൾഭാഗത്തിന്റെ ഘടനയും അവസ്ഥയും എന്നിവയെ ആശ്രയിച്ചാണ് ഈ തരംതിരിവ്. ഇവ നോക്കാം.

കറുത്ത ഗ്രൂമിചാമ സർവസാധാരണമായ ഇനമാണിത്; ഡോമ്പെയ് എന്ന് പേര്. പഴം പഴുക്കുമ്പോൾ പച്ചനിറത്തിൽനിന്ന് കടുത്ത പർപ്പിൾ അല്ലെങ്കിൽ തിളങ്ങുന്ന കറുപ്പ് നിറമാകും. മധുരവും നേരിയ പുളിയുമാണിതിന്. കാമ്പിന് മഞ്ഞ കലർന്ന വെളുത്തനിറം. ചെറിയ തോതിൽ കറയോ നിറമോ ഉണ്ടാകും ഇതിന്റെ നീരിന്.

ചുവന്ന ഗ്രൂമിചാമ കറുപ്പിനോട് വളരെ സാമ്യമുള്ള ഇനം; എന്നാൽ പഴങ്ങൾ നന്നായി പഴുത്തു കഴിഞ്ഞാൽ കടുംചുവപ്പു നിറമാകും. പഴങ്ങൾ പാകമാകുമ്പോൾ കടുത്ത പർപ്പിളിനു പകരം ഇവിടെ നല്ല തെളിഞ്ഞ ചുവപ്പു നിറമായി മാറും.

മഞ്ഞ ഗ്രൂമിചാമ അപൂർവ ഇനമാണിത്. പഴുക്കുമ്പോൾ കായ്കൾ തെളിഞ്ഞ മഞ്ഞനിറമാകും. ഉൾക്കാമ്പിന് വെളുപ്പ് കലർന്ന മഞ്ഞ നിറം. നീരുള്ള പ്രകൃതം. ചെറി പഴങ്ങളോട് സമാനമായ സ്വാദും സുഗന്ധവും. സ്വർണമഞ്ഞ നിറമുള്ള പുറംതൊലിയും മധുരമുള്ള ഉന്മേഷദായകമായ ഉൾക്കാമ്പുമുള്ളതിനാൽ വിദേശ ഫലവർഗങ്ങൾ ഇഷ്ടപ്പെടുന്നവർക്ക് ഹരംപകരുന്ന ഇനമായാണ് ഇതറിയപ്പെടുന്നത്. കേരളത്തിലും ചില നഴ്സറികളിൽ ഇതിന്റെ തൈകൾ ലഭ്യമാണ്.

ഇവയ്ക്കു മൂന്നിനും പുറമെ 'ഗ്രൂമിചാമ മിറിം' എന്ന പേരിലൊരു വ്യത്യസ്തമായ ഇനവും ഇതിലുണ്ട്. ഇത് വാസ്തവത്തിൽ വ്യത്യസ്തമായ ഒരു സ്പീഷിസ് ആണ്. എങ്കിലും വളരെ മധുരവും ചെറി, ബ്ലൂ ബെറി തുടങ്ങിയ പഴങ്ങളുടെ സമ്മിശ്ര സ്വാദുമുള്ളതാണ് ഇതിന്റെ ഫലങ്ങൾ. ബ്രസീൽ സ്വദേശി തന്നെയാണ് ഇതും. 'ഡ്വാർഫ് ഗ്രൂമിചാമ' എന്നും ഇതിനു പേരുണ്ട്. സ്ഥലപരിമിതിയുള്ള നഗരഭവനങ്ങളിൽ വലിയ കണ്ടെയ്നറുകളിൽ ഇത് വളർത്താൻ യോജിച്ചതാണ്. അധികം ഉയരത്തിൽ വളരുന്നതിന് പകരം മിറിം ഒന്നിലധികം അല്ലെങ്കിൽ നിരവധി തണ്ടുകളായി വളരും. ഇതിന്റെ തൈകളും കേരളത്തിൽ ലഭ്യമാണ്. വിളയുമ്പോൾ പഴങ്ങൾക്ക് തിളങ്ങുന്ന കറുപ്പുനിറമാകും. കഷ്ടിച്ച് 2 സെന്റി മീറ്റർ ചുറ്റളവിൽ വലിപ്പം. വളരെ കനംകുറഞ്ഞ പുറംതൊലി; നീര് നിറഞ്ഞ കാമ്പ്; കുറച്ചു വിത്തുകൾ.

വളർത്താം ഗ്രൂമിചാമ ചട്ടിയിലും നിലത്തും

കേരളത്തിലെ കാലാവസ്ഥയിൽ ഗ്രൂമിചാമ എന്ന ബ്രസീലിയൻ ചെറി വലിയ ചട്ടികളിൽ വളർത്തുക താരതമ്യേന എളുപ്പമാണ്. രണ്ടു കാര്യങ്ങളാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്; ഒന്ന് നടുന്ന ചട്ടിയുടെ വലിപ്പം. ഇത് 40-45 സെന്റി മീറ്റർ വരെയാകാം. ആദ്യം തന്നെ ഇത്രയും വലിപ്പമുള്ള ചട്ടി വേണമെന്നില്ല; തൈയുടെ വലിപ്പം നോക്കി ഇത് തീരുമാനിക്കാം. ഏകദേശം ഒരു വയസ്സ് പ്രായമാകുമ്പോൾ മതിയാകും വലിയ ചട്ടിയിലേക്ക് മാറ്റി നടാൻ. അനുയോജ്യമായ പോട്ടിങ് മിശ്രിതം ഉപയോഗിക്കണം. നല്ല വളക്കൂറുള്ള മണ്ണ്, ചകിരിച്ചോറ്, കമ്പോസ്റ്റ് അല്ലെങ്കിൽ ചാണകപ്പൊടി, കുറച്ചു മണൽ എന്നിവയാണ് മിശ്രിതത്തിന്റെ ചേരുവകൾ. ഇവ തുല്യ അനുപാതത്തിൽ എടുക്കാം. ഇനി ഇതുതന്നെ മണ്ണിരക്കമ്പോസ്റ്റ് ഉണ്ടെങ്കിൽ അത് ചേർത്ത് മെച്ചപ്പെടുത്താം; പെർലൈറ്റ് പോലെ വേരുകളിലേക്കു വായുസഞ്ചാരം സുഗമമാക്കുന്ന ചേരുവകൾ ചേർക്കാം. അങ്ങനെയെങ്കിൽ 3 ഭാഗം ജൈവവളം അടങ്ങിയ മണ്ണ്, ഒരു ഭാഗം പെർലൈറ്റ്, ഒരു ഭാഗം ചകിരിച്ചോറ്, അല്പം വേപ്പിൻപിണ്ണാക്ക് എന്നിങ്ങനെയാണ് ചേരുവകളും അവയുടെ തോതും. ഇതൊക്കെ ലഭ്യതയനുസരിച്ചു ക്രമീകരിച്ചാൽ മതിയാകും. ഇതിലാണ് ഒട്ടുതൈകൾ നടേണ്ടത്. ഒട്ടുതൈകളാകുമ്പോൾ വിത്തുതൈകളേക്കാൾ വേഗം കായ്കൾ പിടിക്കാൻ തുടങ്ങും. ഇതിന് രണ്ടോ മൂന്നോ വർഷം മതിയാകും.

ചട്ടിയിൽ വളർത്തുമ്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധ വെക്കേണ്ടതുണ്ട്; ഇതിലൊന്നാണ് നനവിന്റെ തോത്. അധികം ആഴത്തിൽ വേരോടാത്ത ചെടിയാണ് ഗ്രൂമിചാമ. അതുകൊണ്ടു തന്നെ ചട്ടിയിലാകുമ്പോൾ ഇടയ്ക്ക് മാധ്യമത്തിലെ നനവ് ശ്രദ്ധിക്കണം. മുകൾത്തട്ടിലെ 3 മുതൽ 5 സെന്റി മീറ്റർ സ്ഥലം ഉണങ്ങാൻ തുടങ്ങുമ്പോൾ നനയ്ക്കണം. പ്രത്യേകിച്ച് ചെടി പൂക്കുകയും കായ് പിടിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ. ഈ സമയം ജലദൗർലഭ്യം അനുഭവപ്പെട്ടാൽ ഉണ്ടാകുന്ന ഇളം കായ്കൾതന്നെ കൊഴിയാനിടയാകും.

മറ്റൊരു കാര്യം സൂര്യപ്രകാശത്തിന്റെതാണ്; നല്ല പ്രകാശത്തിലോ, ഭാഗികമായ പ്രകാശത്തിലോ ആകാം. എന്തായാലും ചെടിക്ക് കുറഞ്ഞത് ദിവസവും 4 മുതൽ 6 മണിക്കൂർ വരെ പ്രകാശം നിർബന്ധമാണ്. എങ്കിലേ ചെടി വേണ്ടവിധം പൂക്കുകയും കായ്ക്കുകയും ചെയ്യുകയുള്ളൂ. ചെറിയ തോതിൽ കൊമ്പുകോതുന്നതും ചെടി ഒതുങ്ങി




വളരാനും പുതുശിഖരങ്ങളിൽ കൂടുതൽ പൂമൊട്ടുകൾ ഉണ്ടാകാനും സഹായിക്കും. കേടായ, രോഗബാധിതമായ, ഇടകലർന്നു വളരുന്ന ശിഖരങ്ങൾ ആണ് പ്രധാനമായും ഈ വിധം നീക്കേണ്ടത്. എന്നാൽ കൊമ്പുകോതൽ അമിതമാകാനും പാടില്ല എന്നോർക്കുക.

വിത്തുകൾ വഴിയും പതിവച്ചും ഒട്ടിച്ചും ഗ്രൂമിചാമയിൽ പുതിയ തൈകൾ തയാറാക്കാം. വിളഞ്ഞു പഴുത്ത നല്ല മധുരമുള്ള ചെറിപ്പഴങ്ങളിൽനിന്ന് കാമ്പ് നീക്കി വൃത്തിയായി വേർപെടുത്തി എടുക്കുന്ന വിത്തുകൾ ഉചിതമായ പോട്ടിങ് മിശ്രിതത്തിൽ പാകിയാൽ 30 ദിവസം കൊണ്ട് മുളപൊട്ടും. എന്നാൽ, പതിവച്ചും ഒട്ടിച്ചും തയാറാക്കുന്ന തൈകൾക്കാണ് കൂടുതൽ ഡിമാൻഡ്. വായുവിൽ പതിവയ്ക്കാൻ നല്ല ആരോഗ്യമുള്ള, വെളിച്ചം കിട്ടുന്നിടത്തു വളരുന്ന ഒരു ശിഖരം തിരഞ്ഞെടുക്കണം. പെൻസിൽ കനമാണ് ഇതിനു വേണ്ടത്. ഈ ശിഖരത്തിന്റെ അറ്റത്തുനിന്ന് 15-30 സെന്റി മീറ്റർ താഴെയായി ഒരിഞ്ചു (23 സെന്റി മീറ്റർ ) നീളത്തിൽ തൊലി വലയംപോലെ ചുറ്റും ചെത്തിനീക്കുക. തടിയുടെ പച്ചഭാഗം കാണുംവിധം വേണം ഇങ്ങനെ തൊലി അഥവാ പുറംചർമം നീക്കാൻ. ഇങ്ങനെ നീക്കുന്ന ഭാഗം ഒന്ന് ചീകി വൃത്തിയാക്കണം. അല്ലെങ്കിൽ വേര് പിടിക്കാൻ താമസമുണ്ടാകും. ചിലപ്പോൾ മുറിച്ചഭാഗത്തെ തൊലികൂടി ചേർന്നു പോകാനും മതി. ഈ ഭാഗത്തു റൂട്ടെക്സ് പോലെ ഏതെങ്കിലും ഒരു വേരുപിടിക്കൽ ഹോർമോൺ (റൂട്ടിങ് ഹോർമോൺ) കൈ കൊണ്ടോ ഒരു ചെറിയ ബ്രഷ് കൊണ്ടോ തേച്ചു പിടിപ്പിക്കണം. എന്നിട്ട് മുറിഭാഗം പൂർണമായും പൊതിയണം. ഇങ്ങനെ പൊതിയാനുള്ള മിശ്രിതം പോളിത്തീൻ കടലാസ്സിൽ എടുത്തു മുറിവിനു ചുറ്റുംവച്ച് നന്നായി മുറുക്കി കെട്ടണം. അല്പം നനവുള്ള ചകിരിച്ചോറോ (കൊക്കോ പീറ്റ്) അല്ലെങ്കിൽ പായലോ (സ്പാഗ്നം മോസ്) ആണ് പോളിത്തീൻ ഷീറ്റിലെടുക്കേണ്ടത്.

മഴയുള്ള സമയമാണ് ഇത്തരത്തിൽ ലയെറിങ് ചെയ്യാൻ അനുയോജ്യമായ സമയം. 30 മുതൽ 60 ദിവസം കൊണ്ട് ഇതിൽ നന്നായി വേരുപിടിച്ചു കിട്ടും. 45 ദിവസം കഴിയുമ്പോൾ തന്നെ നോക്കിയാൽ പോളിത്തീൻ പൊതിയ്ക്കുള്ളിൽ വേരുകൾ വളർന്നിരിക്കുന്നത് കാണാം. ഇത്തരത്തിൽ വേരുപിടിച്ചു കഴിഞ്ഞ ലയർ തൈകൾ ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ മാറ്റി നടാനായാൽ ഉത്തമം. പോളിത്തീൻ പൊതിയുടെ താഴെ വച്ചാണ് പതി മുറിച്ചെടുക്കേണ്ടത്. ഇങ്ങനെ വേർപെടുത്തുന്ന പതി, വളപ്പറ്റുള്ള കമ്പോസ്റ്റും മേൽമണ്ണും മണലും കലർത്തിയ മിശ്രിതം നിറച്ച ഇടത്തരം വലിപ്പമുള്ള ചട്ടിയിലേക്കാണ് മാറ്റി നടേണ്ടത്.

ഇവ ഭാഗികമായി തണലുള്ള സ്ഥലത്തുതന്നെ കുറഞ്ഞത് 23 ആഴ്ചയെങ്കിലും വയ്ക്കണം. അത്യാവശ്യം നനവ് നിലനിർത്തണം. തൈക്കു കരുത്തു വന്നുകഴിഞ്ഞു മാത്രമേ കൃഷിയിടത്തിലേക്കോ വലിയ ചട്ടിയിലേക്കോ മാറ്റി നടേണ്ടതുള്ളൂ. ഇത്തരത്തിൽ നട്ടുപരിപാലിക്കുന്ന തൈകളാണ് 23 വർഷത്തെ കാലയളവിൽ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നത്. ചെടി പൂത്തു 34 ആഴ്ച കഴിഞ്ഞാൽ മതി കായ്കളായി വിളവെടുപ്പിനു പാകമാകാൻ. ഇവിടെ നിറംമാറ്റം കൂടെ ശ്രദ്ധിക്കണം. നന്നായി വളർന്ന ഒരു മരത്തിൽനിന്ന് 30 കിലോ വരെ ചെറി പഴങ്ങൾ കിട്ടാനും മതി.

നാരുകളും നിരോക്സീകാരകങ്ങളും വർണകമായ ആന്തോസയാനിനും ഒക്കെ പ്രകൃതിതന്നെ നിറച്ചു തയാറാക്കിയ പോഷകച്ചെപ്പാണ് ഗ്രൂമിചാമ ചെറി പഴം. കൂടാതെ ജീവകം സി, ജീവകം ബി 3 തുടങ്ങിയവയും. 100 ഗ്രാം പഴത്തിൽ 45 കിലോ കാലറി ഊർജം, 11 ഗ്രാം കാർബോഹൈഡ്രേറ്റ്, 2.5 ഗ്രാം നാര്, 8 ഗ്രാം പഞ്ചസാര, 0.7 ഗ്രാം മാംസ്യം, 0.3 ഗ്രാം കൊഴുപ്പ്, 39.5 മില്ലിഗ്രാം കാൽസിയം, 13.6 മില്ലിഗ്രാം ഫോസ്ഫറസ്, 0.45 മില്ലിഗ്രാം ഇരുമ്പ്, 0.039 മില്ലിഗ്രാം കരോട്ടിൻ, 0.044 മില്ലിഗ്രാം തയാമിൻ, 0.031 മില്ലിഗ്രാം റിബോഫ്ളാവിൻ, 0.336 മില്ലിഗ്രാം നിയാസിൻ എന്നിങ്ങനെയാണ് പോഷകങ്ങളുടെ തോത്. ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി വർധിപ്പിക്കാനും കോശങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കാനും ഇതുപകരിക്കുന്നു. ഹൃദയത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന് സഹായകമാണ്. ദഹനവ്യവസ്ഥയുടെ ആരോഗ്യത്തിനും ദഹനേന്ദ്രിയത്തിന്റെ കാര്യക്ഷമതയ്ക്കും ഫലവത്താണ്. എല്ലുകൾക്കും പല്ലുകൾക്കും ബലം നൽകുന്നു.



# ബിവറേജസ് കോർപറേഷൻ 10 കോടി രൂപ ലാഭവിഹിതം കൈമാറി

**തിരുവനന്തപുരം:** കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ സർക്കാരിന് 10 കോടി രൂപയുടെ ലാഭവിഹിതം കൈമാറി.

മുഖ്യമന്ത്രി വി.ഡി. സതീശൻന്റെയും എക്സൈസ്, സഹകരണ മന്ത്രി എം. ലിജുവിന്റെയും സാന്നിധ്യത്തിൽ കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ യോഗേഷ് ഗുപ്ത ലാഭവിഹിതത്തിന്റെ ചെക്ക് നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലിന് കൈമാറി.

2026-27 സാമ്പത്തികവർഷത്തിലെ ആദ്യ അഞ്ച് മാസങ്ങളിൽ കോർപറേഷൻ സംസ്ഥാന ഖജനാവിലേക്ക് 8,615.29 കോടി രൂപയാണ് നികുതിയിനത്തിൽ നൽകിയത്.

കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 1,135 കോടി രൂപയുടെ വർധനയുണ്ട്.

# യുപിഐ ഇടപാടുകൾക്ക് സർവീസ് ചാർജ് പരിധി 10,000 രൂപ ആക്കി ഉയർത്തണം: കെഎച്ച്ആർഎ

**കൊച്ചി :** യുപിഐ ഇടപാടുകൾക്ക് സർവീസ് ചാർജ് ഈടാക്കുന്നത് ചെറുകിട ഇടത്തരം ഹോട്ടലുകളെയും റസ്റ്ററൻറുകളെയും ഗുരുതരമായി ബാധിക്കുമെന്ന് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ.

ആവശ്യവസ്തുക്കളുടെ വിലക്കയറ്റം, വൈദ്യുതിഗ്യാസ് നിരക്കുകളിലെ വർധന, തൊഴിലാളിക്ഷാമം തുടങ്ങി നിരവധി വെല്ലുവിളികൾ നേരിടുന്ന ഹോട്ടൽ മേഖലയ്ക്ക് യുപിഐ ഇടപാടുകൾക്ക് അധിക സർവീസ് ചാർജ് ഏർപ്പെടുത്തിയത് കൂടുതൽ സാമ്പത്തികപ്രതിസന്ധി സൃഷ്ടിക്കും.

ഹോട്ടൽ മേഖലയ്ക്ക് ജിഎസ്ടി ഇൻപുട്ട് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ജിഎസ്ടി റെഗുലർ സ്കീം തെരഞ്ഞെടുത്തിട്ടുള്ള വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുടമകൾ കെട്ടിട ഉടമകൾ ജിഎസ്ടി രജിസ്ട്രേഷൻ എടുക്കാത്തതിനാൽ വാടകയുടെ ജിഎസ്ടി അടയ്ക്കുകയാണ്. അതിനുപുറമെയാണ് ഇപ്പോൾ യുപിഐ പേമെൻറുകൾക്ക് സർവീസ് ചാർജ് ഈടാക്കുന്നത്.

ചെറുകിടഇടത്തരം ഹോട്ടലുകളിലെ ദൈനംദിന ഇടപാടുകളിൽ ഡിജിറ്റൽ പേമെൻറുകൾക്ക് വലിയ പങ്കാണുള്ളത്. യുപിഐ ഇടപാടുകളുമായി ബന്ധപ്പെട്ട സർവീസ് ചാർജ് ബാധകമാകുന്ന പരിധി 10,000 രൂപയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ കേന്ദ്രസർക്കാരിനു നിവേദനം നൽകിയതായി സംസ്ഥാന പ്രസിഡൻറ് ജി. ജയപാലും ജനറൽസെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു.

# അറേബ്യൻ ട്രാവൽ മാർട്ടിൽ തിളങ്ങി ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസ്; ബ്രോഷർ പ്രകാശനം കേരള ടൂറിസം മന്ത്രി നിർവ്വഹിച്ചു

**ദുബായ് :** ദുബായിൽ സംഘടിപ്പിച്ച പ്രശസ്തമായ അറേബ്യൻ ട്രാവൽ മാർട്ടിൽ മികച്ച സാന്നിധ്യമറിയിച്ച് പ്രമുഖ യാത്രാസേവന ദാതാക്കളായ ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസ്. പുതിയ ബിസിനസ്സ് സാധ്യതകൾ കണ്ടെത്താനും അന്താരാഷ്ട്ര പങ്കാളിത്തങ്ങൾ ശക്തമാക്കാനും ദുബായിയുടെ ടൂറിസം വളർച്ചയിൽ പങ്കാളികളാകാനുമാണ് ഐ.സി.എൽ ടൂർസ് ലക്ഷ്യമിടുന്നതെന്ന് കമ്പനി വൈസ് ചെയർമാൻ അമൽജിത് മേനോൻ പറഞ്ഞു. ചടങ്ങിൽ ഐ.സി.എൽ ടൂർസിന്റെ ബ്രോഷർ പ്രകാശനം കേരള സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് നിർവ്വഹിച്ചു.



**ദുബായിൽ നടന്ന അറേബ്യൻ ട്രാവൽ മാർട്ടിൽ ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസിന്റെ ബ്രോഷർ പ്രകാശനം കേരള സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് നിർവ്വഹിക്കുന്നു. ഐ.സി.എൽ ടൂർസ് വൈസ് ചെയർമാൻ അമൽജിത് മേനോൻ സമീപം**

ഇന്ത്യയിലും യു.എ.ഇയിലും ശാഖകളുള്ള ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസിന് അയാട്ട അംഗത്വവും യു.എൻ ടൂറിസം അഫിലിയേഷനുമുണ്ട്. കോർപ്പറേറ്റ് യാത്രകൾ, പ്രീമിയം ഡെസേർട്ട് സഫാരി, മറൈൻ ടൂറിസം എന്നിവയുൾപ്പെടെ സമഗ്രമായ യാത്രാസേവനങ്ങളാണ് ഗ്രൂപ്പ് വാഗ്ദാനം ചെയ്യുന്നത്. അത്യാധുനിക സാങ്കേതികവിദ്യയും പരമ്പരാഗത ആതിഥേയത്വവും സമന്വയിപ്പിച്ച് ആഗോള യാത്രക്കാർക്ക് മികച്ച അനുഭവം നൽകാനാണ് കമ്പനി ലക്ഷ്യമിടുന്നത്.



# ഡിസി ജ്വല്ലേഴ്സ് പുതിയ ഷോറൂം കൊച്ചി വിമാനത്താവളത്തിൽ

**നെടുമ്പാശേരി:** പ്രമുഖ സ്വർണവജ്രാഭരണ നിർമാതാക്കളായ ഡിസി ജ്വല്ലേഴ്സ് പുതിയ ഔട്ട്ലെറ്റ് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെ (സിയാൽ) ഡൊമസ്റ്റിക് ഡിപ്പാർച്ചർ ടെർമിനലിൽ തുറന്നു.

സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഉദ്ഘാടനം നിർവഹിച്ചു. ഡിസി ജ്വല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ ഡെന്നി ജോസഫ് പോൾ, ഡയറക്ടർ കീർത്തി ഡെന്നി, സാമൂഹികസാംസ്കാരികരംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

ട്രഡീഷണൽ, മോഡേൺ സ്വർണാഭരണങ്ങളുടെയും ഡയമണ്ട് ഡിസൈനുകളുടെയും വലിയ ശേഖരമാണു പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുള്ളത്. തൃശൂർ മിഷൻ ക്വാർട്ടേഴ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിസി ജ്വല്ലേഴ്സ് അടുത്ത ശാഖ ഇടപ്പള്ളിയിൽ ഉടൻ തുറക്കും.

# വേൾഡ് സ്കിൽസ് ഷാങ്ഹായ് 2026: ഫിക്കി ലീഡർഷിപ്പ് ഡെലിഗേഷനിൽ ഡോ. സുരേഷ്കുമാർ മധുസൂദനനും

**മുംബൈ:** ചൈനയിലെ ഷാങ്ഹായിൽ സെപ്റ്റംബർ 22 മുതൽ 27 വരെ നടക്കുന്ന വേൾഡ്സ്കിൽസ് ഷാങ്ഹായ് 2026ൽ പങ്കെടുക്കുന്ന ഫിക്കി ലീഡർഷിപ്പ് ഡെലിഗേഷനിലേക്ക് സീഗൾ ഇൻററനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്റ്ററുമായ ഡോ. സുരേഷ്കുമാർ മധുസൂദനൻ നാമനിർദേശം ചെയ്യപ്പെട്ടു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സംഘടിപ്പിക്കുന്ന ഉന്നതതല ഇന്ത്യൻ പ്രതിനിധി സംഘത്തിൽ വ്യവസായം, ഉന്നത വിദ്യാഭ്യാസം, നൈപുണ്യ വികസന സ്ഥാപനങ്ങൾ, സർക്കാർ സംഘടനകൾ, വിദ്യാഭ്യാസപരിശീലന മേഖലകൾ എന്നിവയിൽ നിന്നുള്ള പ്രമുഖർ പങ്കെടുക്കും.

എഴുപതിലധികം രാജ്യങ്ങളിലെയും മേഖലകളിലെയും 1,400ലധികം യുവ നൈപുണ്യ പ്രതിഭകൾ വിവിധ തൊഴിൽ സാങ്കേതിക മേഖലകളിലായി 64 മത്സര ഇനങ്ങളിൽ പങ്കെടുക്കും.

1950ൽ സ്പെയിനിൽ ആരംഭിച്ച അന്താരാഷ്ട്ര നൈപുണ്യ മത്സരത്തിന്റെ തുടർച്ചയായ വേൾഡ് സ്കിൽസ് ഇന്ന് തൊഴിൽ നൈപുണ്യ വികസനം, സാങ്കേതിക വിദ്യാഭ്യാസം, തൊഴിൽമികവ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ആഗോള വേദിയായി മാറിയിട്ടുണ്ട്. ചൈന ആദ്യമായാണ് വേൾഡ്സ്കിൽസ് മത്സരം ആതിഥേയത്വം വഹിക്കുന്നത്.

മത്സരവേദി എന്നതിനപ്പുറം, സർക്കാരുകൾ, വ്യവസായ നേതാക്കൾ, വിദ്യാഭ്യാസ വിദഗ്ധർ, നയരൂപീകരണക്കാർ, പരിശീലന സ്ഥാപനങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ തുടങ്ങിയവരെ ഒരുമിപ്പിക്കുന്ന ചർച്ചാസഹകരണ വേദിയുമാണ് വേൾഡ്സ്കിൽസ്. തൊഴിൽ വിപണിയിലെ മാറ്റങ്ങൾ, ഡിജിറ്റൽ സാങ്കേതികവിദ്യ, ഓട്ടോമേഷൻ, അഡ്വാൻസ്ഡ് മാനുഫാക്ചറിങ്, ഭാവിയിലെ തൊഴിൽ നൈപുണ്യങ്ങൾ എന്നിവ സംബന്ധിച്ച പുതിയ മാതൃകകൾ ഇവിടെ ചർച്ച ചെയ്യപ്പെടും.

ഫിക്കി പ്രതിനിധി സംഘം വേൾഡ്സ്കിൽസ് മത്സരങ്ങളും പ്രദർശനങ്ങളും സന്ദർശിക്കുന്നതിന് പുറമെ ഷാങ്ഹായിലെയും സമീപ പ്രദേശങ്ങളിലെയും പ്രമുഖ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ, സർവകലാശാലകൾ, കോർപ്പറേറ്റ് പരിശീലന കേന്ദ്രങ്ങൾ, അഡ്വാൻസ്ഡ് മാനുഫാക്ചറിങ് യൂണിറ്റുകൾ, ഇന്നൊവേഷൻ സെൻററുകൾ, സെൻറേഴ്സ് ഓഫ് എക്സലൻസ് എന്നിവിടങ്ങളും സന്ദർശിക്കും.

വ്യവസായവുമായി ബന്ധിപ്പിച്ച വിദ്യാഭ്യാസരീതി, തൊഴിൽദാതാക്കളെ കേന്ദ്രീകരിച്ച പരിശീലന മാതൃകകൾ, ഡിജിറ്റൽ ലേണിങ്, അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ, ഭാവിയിലെ തൊഴിൽ നൈപുണ്യങ്ങൾ, ആഗോള ടാലൻറ് മൊബിലിറ്റി എന്നിവ അടുത്തറിഞ്ഞ് പഠിക്കാൻ ഈ സന്ദർശനം അവസരം നൽകും.